*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാർ 26 ഫെബ്രു. 2003**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 21B

**ഒക്ടോബർ 2001**

ഓം.... ഓം.... ഓം....

*സായിരാം*
*സ്വാമിയുടെ പാദപത്മങ്ങളിൽ പ്രണാമങ്ങളോടെ,*
*പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ!*

## ഈഗോ ഏതു സമയത്തും ഉണരാം

ഈ ഉപാഖ്യാനം ഇവിടെ അവസാനിക്കുന്നില്ല. സ്വാമി ചോദിച്ചുകൊണ്ടിരുന്നു,

''കുട്ടീ, നിനക്കെത്ര മാർക്ക് കിട്ടി?''



''85''

''നിനക്കെത്ര കിട്ടി?''

''100''

(മറ്റൊരു കുട്ടിയുടെ നേരെ തിരിഞ്ഞിട്ട്) ''നിനക്കെത്ര കിട്ടി?''

''90''

''ഓ! നിങ്ങൾക്ക് അത്രയും കിട്ടിയോ? നോക്ക്, നമ്മുടെ കുട്ടികൾ!''

മറ്റൊരു കുട്ടി സാവധാനം സ്വാമിയുടെ അരികത്തേക്കു വന്ന് അവിടുത്തെ കാതുകളിൽ എന്തോ മന്ത്രിച്ചു. ഞങ്ങൾക്ക് കേൾക്കാനാവുമായിരുന്നില്ല.

സ്വാമി എന്നെ നോക്കിയിട്ട് ചോദിച്ചു, ''അനിൽകുമാർ, ഈ കുട്ടി എന്നോട് പറഞ്ഞത് എന്താണ്?''

''സ്വാമീ, ഞാനെങ്ങനെ അറിയാനാണ്? അവൻ അവിടുത്തെ കാതുകളിലാണ് മന്ത്രിച്ചത്. ഞാൻ ഒന്നും കേട്ടില്ല. അവൻ എന്താണ് പറഞ്ഞതെന്ന് എനിക്കറിയില്ല.''

''അല്ല, അല്ല, അല്ല! അവൻ എന്താണ് പറഞ്ഞിട്ടുണ്ടാവുക എന്നാണ് നീ കരുതുന്നത്?''

ഞാൻ പറഞ്ഞു, ''സ്വാമീ, ആ കുട്ടിക്ക് താണ മാർക്കാവും കിട്ടിയിട്ടുണ്ടാവുക. എല്ലാവർക്കും 90-കളും 80-കളുമൊക്കെ കിട്ടിയപ്പോൾ, അവന് വളരെ ലജ്ജ തോന്നിയിട്ടുണ്ടാവും. അതുകൊണ്ട്, അവൻ ഉറക്കെ പറയാൻ ആഗ്രഹിക്കുന്നുണ്ടാവില്ല. തനിക്ക് താണ മാർക്കാണ് കിട്ടിയത് എന്നാവും അവൻ അവിടുത്തെ കാതുകളിൽ മന്ത്രിച്ചത്.''

അവിടുന്ന് അരുളി, ''എന്ത് അസംബന്ധമാണ് നീ പറയുന്നത്? അല്ല, അല്ല, അല്ല! അവന് 100% മാർക്ക് ലഭിച്ചിട്ടുണ്ട്. 'ഞാനത് ഉറക്കെ പറയാൻ ആഗ്രഹിക്കുന്നില്ല. എന്തുകൊണ്ട്? എന്നിൽ ഈഗോ വളർന്നേക്കും! ഈഗോ ഏതു നിമിഷവും അതിന്റെ പത്തി വിടർത്തിയേക്കും. അതുകൊണ്ട്, എനിക്കു വേണ്ട' എന്നാണ്. ഇതു നോക്കൂ.''

''ഓ സ്വാമീ, വളരെ മഹത്തരം! വളരെ മഹത്തരം!''

അപ്പോൾ ഞാൻ പറഞ്ഞു, ''സ്വാമീ, ശ്രീ സത്യസായി പ്രൈമറി സ്കൂളിന്റെ ഇംഗ്ലീഷ് നിലവാരവും വളരെ ഉയർന്നതാണെന്ന് അവിടുത്തെ മുമ്പാകെ റിപ്പോർട്ടു ചെയ്യുന്നതിനും എനിക്ക് വളരെ സന്തോഷമുണ്ട്. അവർ വളരെ നല്ല ഇംഗ്ലീഷാണ് സംസാരിക്കുന്നത്, എനിക്കറിയാം.''

ഇതോടെ ആ ദിവസത്തെ ഉപാഖ്യാനം കഴിഞ്ഞു.

## ഓരോ ദിവസവും ഒരു ഉത്സവമാണ്

പിറ്റേ ദിവസം സ്വാമി എല്ലാ അധ്യാപകർക്കും പുതുവസ്ത്രം വിതരണം ചെയ്യുന്നതിന് ആരംഭിച്ചു. അവിടുന്ന് ഇത് എന്തിനാണ് ചെയ്യുന്നതെന്ന് എനിക്ക് മനസ്സിലായില്ല. അതൊരു ഉത്സവദിനമായിരുന്നില്ല. എന്തിനാണ് അവിടുന്ന് പുതുവസ്ത്രം വിതരണം ചെയ്യുന്നത്? എന്റെ മുഖം ചോദ്യചിഹ്നമണിഞ്ഞു.

അവിടുന്ന് തിരക്കി, ''നീയെന്തിനാണ് ഇങ്ങനെയിരിക്കുന്നത്?''

''സ്വാമീ, ഒരു ഉത്സവവുമില്ല. അവിടുന്ന് പുതുവസ്ത്രം വിതരണം ചെയ്യുന്നതിന്റെ കാരണം എനിക്ക് മനസ്സിലാവുന്നില്ല.''

ബാബ പറഞ്ഞു, ''ഇവിടെ, ഓരോ ദിവസവും ഉത്സവമാണ്. നിങ്ങൾക്ക് ഉത്സവത്തിനായി കാത്തിരിക്കേണ്ടതില്ലെന്ന് മനസ്സിലാക്കിക്കൊള്ളൂ. പ്രശാന്തിനിലയത്തിൽ ഓരോ ദിവസവും ഓരോ ഉത്സവമാണ്!'' ഇങ്ങനെയാണ് ഭഗവാൻ അരുളിയത്.

അത് വളരെ സത്യമാണ്. ഇറാനിൽനിന്ന് ഇരുനൂറു പേർ വരുന്നത് നാം കാണുന്നു. റഷ്യയിൽനിന്ന് മുന്നൂറ്-നാനൂറ് പേർ വരുന്നത് നാം കാണുന്നു. ലണ്ടനിൽനിന്ന് അറുനൂറു



പേർ വരുന്നത് നാം കാണുന്നു. വിവിധ സ്ഥലങ്ങളിൽനിന്ന് നിരവധി ആളുകൾ വരുന്നു. മോട്ടോർ സൈക്കിളുകളിൽ ആളുകളെത്തുന്നത് നാം കാണുന്നു. ആയിരക്കണക്കിന് കിലോമീറ്ററുകൾ നടന്ന് ആളുകൾ ഇവിടെയെത്തുന്നത് നാം കാണുന്നു! അതിനാൽ, ഓരോ ദിവസവും പ്രശാന്തിനിലയത്തിൽ ഒരു ഉത്സവമാണ്.

## അച്ചടക്കം എറുമ്പുകളിൽനിന്ന് പഠിക്കുക

അടുത്ത സംഭവം: സ്വാമി പ്രായംചെന്ന ഒരു മനുഷ്യനെ ശ്രദ്ധിച്ചു. അയാൾ ഒരു കടലാസ്സിൽ എന്തോ കുറിക്കുകയായിരുന്നു.

സ്വാമി തിരക്കി, ''പറയൂ, എന്താണ് നീ എഴുതുന്നത്?''

''സ്വാമീ, ഞാനൊരു ലേഖനം എഴുതുകയാണ്.''


''എന്നെ കാണിക്കൂ, എന്നെ കാണിക്കൂ.''

''സ്വാമീ, ഇതൊരു കരട് പകർപ്പ് മാത്രമാണ്. ഇത് അവിടുന്നിനെ കാണിക്കാൻ കൊള്ളി ല്ല.''

അപ്പോൾ ഭഗവാൻ ചോദിച്ചു, ''എന്തുകൊണ്ട്?''

''സ്വാമീ, ഞാൻ ചെറിയ അക്ഷരങ്ങളിലാണ് എഴുതിയിരിക്കുന്നത്.''

''അത് കൊണ്ടുവരൂ. അത് സാരമില്ല. എറുമ്പുകൾ ചെറുതാണ്, പക്ഷേ അവർ ശക്തരാ ണ്. ഇരിക്കുന്നതിനു മുമ്പേ എറുമ്പുകളുണ്ടോ ഇല്ലയോ എന്ന് നിങ്ങൾ നോക്കണം. എറു




മ്പുകൾ വലിപ്പത്തിൽ ചെറുതാണെങ്കിലും അവർ വളരെ ശക്തരാണ്. അവർ ചെറുതാണെന്നതൊന്നും വിഷയമല്ല. വരൂ-ആ ബുക്ക് കാണിക്കൂ.''

ഈ വൃദ്ധന് മിണ്ടാതിരുന്നാൽ മതിയായിരുന്നു. സ്വാമിയുടെ മുമ്പിൽ, മൗനമാണ് കൂടുതൽ നല്ലത്, കാരണം നമ്മൾ അബദ്ധങ്ങൾ വിളമ്പും.

ഈ പ്രായംചെന്ന മനുഷ്യൻ പറഞ്ഞു, ''സ്വാമീ, എറുമ്പുകൾക്കിടയിൽ വലിയ അച്ചടക്കമാണ്.''

ഞാൻ എപ്പോളും നിങ്ങളോട് പറയുന്നതുപോലെ, സ്വാമിയുടേതാണ് അന്തിമവാക്ക്!


അവിടുന്ന് തിരിഞ്ഞിട്ട് പറഞ്ഞു, ''ഓ, എറുമ്പുകൾക്കിടയിൽ വലിയ അച്ചടക്കമാണെന്ന് നിങ്ങൾ പറയുന്നു. എന്നാൽ, നിങ്ങൾക്ക് അതില്ല. അവരിൽനിന്ന് പഠിക്കുക.''

അച്ചടക്കം എന്താണെന്ന് എറുമ്പുകളിൽനിന്ന് ആ മനുഷ്യൻ പഠിച്ചു! (*ചിരി*)

ഇതാണ് ഭഗവാൻ അരുളിയത്.

## പ്രശാന്തിനിലയത്തിലെ ഓണം

അടുത്ത സംഭവം തൊട്ടടുത്ത ദിവസം നടന്നതാണ്, അന്ന് ഓണാഘോഷമായിരുന്നു. കേരളത്തിൽനിന്നുള്ള ഭക്തർ എല്ലാ കൊല്ലവും ആഗസ്റ്റ് മാസത്തിൽ പ്രശാന്തിനിലയത്തിൽ ആഘോഷിക്കുന്ന ഉത്സവമാണ് ഓണം.



ഭഗവാൻ പ്രശാന്തിനിലയത്തിലെ ഓണാഘോഷവേളയിൽ

പിറ്റേന്ന്, ഭഗവാൻ അവരുടെ ആഘോഷം തുടങ്ങിവച്ചു. "കേരളം സംസ്കാരഭുമിയാണ്. കേരളത്തിന് ക്ലാസ്സിക്കൽ സംഗീതത്തോട് വലിയ ആദരവുണ്ട്. മറ്റൊരു കാര്യം: ഒരു ഭിക്ഷു ഏതെങ്കിലും വീട്ടുപടിക്കൽ വന്നു നിന്നാൽ, അയാളെ ഒരിക്കലും ആട്ടിയോടിക്കില്ല. ഈ ആളുകൾക്ക് എന്ത് ആഹാരമാണോ ഉള്ളത്, ഗൃഹനാഥ അത് ഭിക്ഷക്കാർക്ക് നൽകിയിരിക്കും."

ബാബ തുടർന്നു, "രാഷ്ട്രീയക്കാർ നിരീശ്വരവാദികളാണെന്ന് ആളുകൾ പറയുന്നു. രാഷ്ട്രീയക്കാർക്ക് ഈശ്വരനിൽ വിശ്വാസമില്ല.

രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം, അവർക്ക് ഈശ്വരവിശ്വാസമില്ല. പക്ഷേ, വ്യക്തിപരമായി അവർ വലിയ ഭക്തരാണ്. രാഷ്ട്രീയപരമായി അവർ നിരീശ്വരവാദികളാണ്. എന്നിരുന്നാലും അവരുടെ സ്വകാര്യജീവിതത്തിൽ, അവർ വലിയ വിശ്വാസികളാണ്.'' ഇപ്രകാരമാണ് ഭഗവാൻ അരുളിയത്.




എന്നിട്ട് അവിടുന്ന്, കേരളത്തിൽനിന്നുള്ള ഭക്തർ അവതരിപ്പിച്ച 'മോഹിനി-ഭസ്മാസുര' എന്നു പേരിട്ട ഒരു നാടകത്തെപ്പറ്റി വിവരണം തുടർന്നു. ഈ 'മോഹിനി-ഭസ്മാസുര' സുന്ദരമായ ഒരു നാടകമാണ്. ഞാനിതിന്റെ കഥ പറയാം, നിങ്ങൾക്കത് ഇഷ്ടമാവും.

ഭസ്മാസുരൻ ഒരു മോഡേൺ മനുഷ്യനാണ്- ഒരു അസുരൻ. മോഹിനി പ്രകൃതിയാണ്, വശീകരിക്കുന്ന ലോകം-ഉദാഹരണത്തിന്, ഒരു സുന്ദരിയായ സ്ത്രീ. മോഹിനി എന്ന സുന്ദരിയായ സ്ത്രീ, ഭസ്മാസുരനെ വശീകരിക്കുന്നു. സുന്ദരിയായ സ്ത്രീ മോഹിനി എന്നു പേരായ പ്രകൃതിയാണ്. ഭസ്മാസുരൻ എന്ന പുരുഷൻ മോഹിനിയാൽ ആകർഷിക്കപ്പെടുന്നു-ഈശ്വരനെ മറന്നുപോകത്തക്കവിധം ശക്തമായിരുന്നു ആ വശീകരണം. അവസാനം, അവൻ ഭഗവാനെ ഉപദ്രവിക്കാൻ പോലും ആഗ്രഹിക്കുന്നു. മോഹിനി കൂടുതൽ കൂടുതൽ വശ്യയാവുന്നു; അവൾ നൃത്തം ആരംഭിക്കുന്നു. ഈ വിദ്വാനും നൃത്തം ചെയ്യാൻ തുടങ്ങുന്നു. ഭസ്മാസുരന് ഈശ്വരനിൽനിന്നും ഒരു വരം ലഭിച്ചിട്ടുണ്ട്. അവൻ ആരുടെ ശിരസ്സിൽ കൈവച്ചാലും ആ ആൾ ഭസ്മമായിപ്പോവും. ഭസ്മാസുരൻ എല്ലാവരുടെയും തലയിൽ കൈവയ്ക്കാൻ തുടങ്ങി, അവരൊക്കെ എരിഞ്ഞടങ്ങി. അവന് ഈശ്വരനിൽനിന്ന് കരഗതമായ വരമാണത്.



നൃത്തത്തിനിടയിൽ, മോഹിനി തന്റെ കൈകൾ സ്വന്തം ശിരസ്സിൽ വച്ചു. നൃത്തം ചെയ്തുകൊണ്ടിരുന്ന ഈ ചങ്ങാതിയും തന്റെ കൈ ശിരസ്സിൽ വച്ചു. അങ്ങനെ അയാൾ ചാരമായിത്തീർന്നു!

മനുഷ്യൻ അവന്റെ അമിത മോഹത്തിൽ, മനുഷ്യൻ ലോകത്തോടുള്ള അവന്റെ അമിത ഭ്രമത്തിൽ, മനുഷ്യൻ ലോകത്തോടുള്ള അവന്റെ അമിത ആകർഷണം കാരണം, ഭസ്മമാ

യിത്തീരുന്നു. ഈ നാടകത്തിന്റെ സന്ദേശം ഇതാണ്, ഭഗവാനത് അത്ര മനോഹരമായി വിശദീകരിച്ചു.

''നിങ്ങൾക്കറിയുമോ'', ഭഗവാൻ അരുളി, ''മുഴുവൻ ലോകത്തെയും ഭരിക്കുന്നത് മൂന്ന് ഗുണങ്ങളാണ്: ഒന്ന്, മൃഗീയഗുണം-താമസികം; രണ്ട്, വൈകാരിക ഗുണം-രാജസികം; മൂന്ന്, സാത്വിക ഗുണം-ഭക്തിശീലം.''



സ്വാമി പറഞ്ഞു, ''സംഗീതത്തിനും മൂന്ന് ഗുണങ്ങൾ ആവശ്യമാണ്: ഒന്ന്, **ശ്രുതി**-ശരിയായ ട്യൂണിംഗ്; രണ്ട്, **രാഗം**-തരംഗദൈർഘ്യം അഥവാ ടോൺ; മൂന്ന്, **താളം**-ബീറ്റ്. സംഗീതത്തിന് ഇവ മൂന്നും വേണം. അതുപോലെ, സമസ്തലോകത്തിന്റെയും നിലനിൽപിനായി, മൂന്ന് അടിസ്ഥാനഗുണങ്ങൾ ആവശ്യമാണ്.''

കേരളത്തിന്റെ മഹിമയെപ്പറ്റി ഇതേ തരംഗദൈർഘ്യത്തിൽ പറയുന്നതിനിടയ്ക്ക്, സ്വാമി ശിബി എന്ന ഒരു രാജാവിനെപ്പറ്റി പരാമർശിക്കുകയുണ്ടായി. അവിടുന്ന്, ബലി എന്നു പേരായ മറ്റൊരു ചക്രവർത്തിയെക്കുറിച്ചും പരാമർശിച്ചു. പിന്നെ, അവിടുന്ന് ഭീഷ്മർ എന്ന രാജാവിനെപ്പറ്റി പറഞ്ഞു. അവരെല്ലാം ത്യാഗത്തിന്റെ രാജാക്കന്മാരായിരുന്നു. അവർ തപസ്സിന്റെ രാജാക്കന്മാരായിരുന്നു. അവർ സത്യത്തിന്റെ രാജാക്കന്മാരായിരുന്നു. അവർ ശാശ്വതമൂല്യങ്ങളുടെ രാജാക്കന്മാരായിരുന്നു. അവരെല്ലാവരും കേരളത്തിൽനിന്നുള്ളവരായിരുന്നു. അവിടുന്ന് അവരെ പുകഴ്ത്തുന്നത് തുടർന്നു.



## എനിക്ക് എന്തും സഹിക്കാനാവും!

ഇനി നമ്മൾ അടുത്ത ഉപാഖ്യാനത്തിലേക്ക് പോവുകയാണ്. ആരോ വേദിയിൽ സ്വാമിക്ക് ഇരിക്കുന്നതിനായി നല്ല സുഖകരമായ ഒരു കസേര ഇട്ടു. സ്വാമി തിരക്കി, " ഈ പുതിയ കസേര ആരാണ് കൊണ്ടുവന്നത്?"

അവിടുത്തെ അനുവാദമില്ലാതെ നിങ്ങൾക്ക് ഒന്നും ചെയ്യാനാവില്ല. അവിടുന്ന് ആരെയെ ങ്കിലും പിടികൂടുന്നതിനുമുമ്പേ, ഞാൻ ഇടപെട്ടു, "സ്വാമീ, ഈ കസേര വളരെ നല്ലതാണ്, കാണാൻ നല്ല ഭംഗിയാണ്. അവിടുത്തെ സൗകര്യവും സുഖവും നോക്കിയാവണം കസേര ഇവിടെ കൊണ്ടുവന്നിട്ടത്."

ബാബ പറഞ്ഞു, "സുഖവും സൗകര്യങ്ങളുമൊക്കെ നിങ്ങൾക്കുവേണ്ടിയാണ്. ഞാൻ അതീതനാണ്. എനിക്കീ സുഖങ്ങളും സൗകര്യങ്ങളുമൊന്നും ആവശ്യമില്ല. എനിക്ക് എന്തു പ്രശ്നവും സഹിക്കാവാനും." (ചിരി)

## സർവധർമപ്രിയ സായി

അടുത്ത സംഭവം: ബുക്കപട്ടണം എന്ന അടുത്ത ഗ്രാമത്തിൽനിന്ന് ഏതാണ്ട് മുന്നൂറോളം മുസ്ലീങ്ങൾ വന്നു. വളരെക്കാലം മുമ്പ്, സ്വാമി ആ ഗ്രാമത്തിൽ കുട്ടികൾക്കായി ഒരു സ്കൂൾ പണിതുകൊടുത്തിരുന്നു. മുസ്ലീങ്ങൾ വന്നത് ഒരു പ്രത്യേക അപേക്ഷയുമായാ ണ്.

സ്വാമി തിരക്കി, "നിങ്ങൾക്ക് എന്തു വേണം?"

"സ്വാമീ, അവിടുന്ന് ഞങ്ങൾക്കായി ഒരു പള്ളി പണിതുതന്നു. അങ്ങയ്ക്കു നന്ദി!"

"അച്ഛാ!"

"സ്വാമീ, അവിടുന്ന് ഞങ്ങളുടെ കുട്ടികൾക്കായി ഒരു സ്കൂൾ പണിതുതന്നു."

"വളരെ നന്നായി. ഇനി നിങ്ങൾക്കെന്തു വേണം?"

"സ്വാമീ, ഞങ്ങൾക്ക് ഒരു കമ്യൂണിറ്റി ഹാൾ, 'ശാദി ഘാനാ' വേണം. അവിടെ ഞങ്ങളുടെ, മുസ്ലീം സമുദായത്തിന്റെ വിവാഹങ്ങൾ നടത്താനാവും."

സ്വാമി പറഞ്ഞു, ''ശരി, നിങ്ങൾ തിരിച്ചുപൊയ്ക്കൊള്ളൂ. ഞാൻ എൻജിനീയർമാർക്ക് നിർദ്ദേശം നൽകിക്കൊള്ളാം. അവർ നാളെ പണി തുടങ്ങും. സന്തോഷമായിരിക്കൂ.''

ഞാൻ നിങ്ങളോടു പറയട്ടെ, ഭഗവാന്റെ പാദകമലങ്ങൾ എല്ലാ മതങ്ങളിലുമുള്ള, എല്ലാ വിശ്വാസങ്ങളിലുമുള്ള, എല്ലാ രാജ്യങ്ങളിലുമുള്ള, എല്ലാ പ്രായത്തിലുമുള്ള ആളുകളെ ആകർഷിക്കുന്നു. അതാണ് അവിടുത്തെ ദിവ്യത. അതാണ് ദിവ്യത്വം!



ഭഗവാൻ പുട്ടപർത്തിയിൽ പണിതുനൽകിയ മുസ്ലിംപള്ളിയുടെ ഉത്ഘാടനവേളയിൽ: 1978 ആഗസ്റ്റ്

ഞാൻ പറഞ്ഞു, ''സ്വാമീ, ഇത് അതിശയം തന്നെ! അവിടുന്ന് എപ്രകാരമാണ് എല്ലാ മതത്തിലുള്ളവരെയും ആകർഷിക്കുന്നത്? അവിശ്വസനീയം!''

ബാബ പറഞ്ഞതെന്തെന്ന് നിങ്ങൾക്കറിയാമോ? ''നിങ്ങൾക്ക് എന്തൊക്കെ വ്യത്യാസങ്ങളുണ്ടോ, അതൊക്കെ പ്രശാന്തിനിലയത്തിന്റെ ഗേറ്റിൽത്തന്നെ കളഞ്ഞിട്ടേ അകത്തു കയറാവൂ! നിങ്ങൾ അകത്തു കയറുന്ന നിമിഷം, പിന്നെ ഏകത്വം(unity) മാത്രം! വ്യത്യാസങ്ങൾ പുറമേയാണ്, എന്നാൽ എല്ലാവരും ഒന്നാവണം, സഹോദരീ സഹോദരന്മാരെപ്പോലെ.''

ഈ മാസത്തെ ഉപാഖ്യാനങ്ങൾ ഞാൻ അവസാനിപ്പിക്കുന്നതിനു മുമ്പ്, ഒരു കുറിപ്പോടെ അവസാനിപ്പിക്കട്ടെ. ഭഗവാൻ ശ്രീ സത്യസായിബാബയുടെ സന്ദേശത്തിന്റെ സാരം, **മനുഷ്യന്റെ സാഹോദര്യവും ഈശ്വരന്റെ പിതൃത്വവും** എന്നതാണ്.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)